ഏറ്റവും മുൻഗണന നിയമസഭ അടിയന്തരം

കേരള സർക്കാർ
ധനകാര്യ (പി.എസ്.എ) വകുപ്പ്

**പരിപത്രം**

പരിപത്രം നം. 69/2022/ധന. തീയതി, തിരുവനന്തപുരം, 12.08.2022

വിഷയം:- 15-ാം കേരള നിയമസഭ -6-ാം സമ്മേളനം (22.08.2022 മുതൽ 02.09.2022 വരെ) -ബഹു: മുഖ്യമന്ത്രിയും/ബഹു: ധനകാര്യ മന്ത്രിയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ - സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടേറിയറ്റിന്റെ 11.08.2022-ലെ ബുള്ളറ്റിൻ നമ്പർ 271 ഭാഗം 2.

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനം 22.08.2022 മുതൽ 02.09.2022 വരെ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളനകാലത്ത് ബഹു: മുഖ്യമന്ത്രിയും/ ബഹു: ധനകാര്യ മന്ത്രിയും നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിന് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു:-

**നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ**

| | |
|---|---|
| **ബഹു: മുഖ്യമന്ത്രി** | **2022 ആഗസ്റ്റ് 23 & 30** |
| **ബഹു: ധനകാര്യമന്ത്രി** | **2022 ആഗസ്റ്റ് 24 & 31** |

ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളുടെ അറിവിലേയ്ക്കും വീഴ്ചയില്ലാതെ പാലിക്കുന്നതിനുമായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ധനകാര്യ വകുപ്പിലെ ഓരോ സെക്ഷനും അവരുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന്റെ കരട് മറുപടി നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് നാല് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പായി ബഹു: മുഖ്യമന്ത്രിക്കും/ബഹു: ധനകാര്യ മന്ത്രിക്കും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും ഉത്തരത്തിന്റെ അസ്സൽ പകർപ്പ് സെക്ഷൻ ഓഫീസർ **നീല മഷിയിൽ** ഒപ്പിട്ടത് (നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയുടെ 5 പകർപ്പുകളും **(ഫയൽ സഹിതം)**/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയുടെ 1 പകർപ്പും) **ചോദ്യ ദിവസത്തിന്റെ തലേ ദിവസം മദ്ധ്യാഹ്നത്തിന് (ഒരു മണിക്ക്)** മുമ്പായി ധനകാര്യ (പി.എസ്.എ) വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

കൂടാതെ, ചോദ്യങ്ങൾക്കുള്ള മറുപടി ഇ-നിയമസഭ ആപ്ലിക്കേഷൻ (www.eniyamasabha.in) മുഖേന ഓൺലൈനായി ലഭ്യമാക്കേണ്ടതാണ്. ടി നിയമസഭാ പോർട്ടലുമായി ബന്ധപ്പെട്ട യൂസർ നെയിം, പാസ്സ്‌വേർഡ് മറ്റ് വിവരങ്ങൾ എന്നിവക്ക് 251-2244/9446090740/9895013187 എന്ന നമ്പരുകളിൽ ഒന്നിൽ ബന്ധപ്പെടേണ്ടതാണ്.

ശ്രദ്ധക്ഷണിക്കൽ, ഉപക്ഷേപം, ബില്ലുകൾ എന്നീ വിഷയങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ഫയൽ ബഹു: മുഖ്യമന്ത്രി/ധനകാര്യ മന്ത്രിക്ക് ആവശ്യമായ വിവരങ്ങൾ സഹിതം യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

കൂടാതെ, 27.07.2005-ലെ 72427/പി.എസ്.എ/05/ധന., 19.02.2013-ലെ 22/പി.എസ്.എ./2013/ധന., 22.02.2022-ലെ 13/പി.എസ്.എ./2022/ധന. എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

**ഈ സമ്മേളനകാലത്തെ സഭാനടപടികളുടെ കലണ്ടറും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

**കെ.റ്റി. മഹേഷ് കുമാർ,**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

## കലണ്ടർ

### 2022 ആഗസ്റ്റ്

| | |
|---|---|
| 22.08.2022 (തിങ്കൾ) | ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക യോഗം |
| 23.08.2022 (ചൊവ്വ) | ഗവൺമെന്റ് കാര്യം |
| 24.08.2022 (ബുധൻ) | |
| 25.08.2022 (വ്യാഴം) | |
| 26.08.2022 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 29.08.2022 (തിങ്കൾ) | ഗവൺമെന്റ് കാര്യം |
| 30.08.2022 (ചൊവ്വ) | |
| 31.08.2022 (ബുധൻ) | |
| **2022 സെപ്റ്റംബർ** | |
| 01.09.2022 (വ്യാഴം) | ഗവൺമെന്റ് കാര്യം |
| 02.09.2022 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |

# കേരള സർക്കാർ

## ധനകാര്യ (പി.എസ്.എ.) വകുപ്പ്

നമ്പർ:72427/പി.എസ്.എ/05/ധന. തീയതി, തിരുവനന്തപുരം, 27.07.2005

## സർക്കുലർ

വിഷയം :- നിയമസഭാ ചോദ്യങ്ങൾ - നിയമസഭാ ചോദ്യങ്ങളിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. പൊതുഭരണ വകുപ്പിന്റെ 15.02.2997-ലെ നമ്പർ സർക്കുലർ
2. 12989/പാർ./97/പൊ.ഭ.വ. 16.06.2003 - ലെ നമ്പർ സർക്കുലർ
3. 192268/പാർ/01/പൊ.ഭ.വ. നമ്പർ സർക്കുലർ.

നിയമസഭയിൽ മറുപടി നൽകേണ്ടുന്ന നിയമസഭ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനുള്ള കാലതാമസവും, മറ്റു ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനുമായി ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളും കർശനമായി പാലിക്കേണ്ട താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ധനകാര്യ (പാർലമെന്റ്) വകുപ്പ് നിയമസഭാചോദ്യങ്ങൾ തരം തിരിച്ച് ഓരോ വകുപ്പിനും നൽകി കഴിഞ്ഞാൽ (മുഖ്യമന്ത്രി മറുപടി പറയേണ്ടവയും, ധനമന്ത്രി മറുപടി പറയേണ്ടവയും) എന്ത് കാരണത്താലാണ് തങ്ങളുടെതല്ലാത്തത് എന്നും എന്തുകൊണ്ടാണ് മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ടത് എന്നും വ്യക്തമായി രേഖപ്പെടുത്തി കഴിയുന്നതും വേഗം ആ വകുപ്പിന് നൽകേണ്ടതും, ആ വിവരം ധനകാര്യ (പാർലമെന്റ്) വകുപ്പിനെ ടെലിഫോൺ വഴി അറിയിക്കേണ്ടതും ആണ്.

2. ചോദ്യങ്ങളിൽ പ്രതിപാദിക്കുന്ന പ്രധാന വിഷയങ്ങൾ ഏത് സെക്ഷനിലോ/വിംഗിലോ ആണ് കൈകാര്യം ചെയ്യുന്നത്. എന്നു മനസ്സിലാക്കി ബന്ധപ്പെട്ട ചോദ്യം പാർലമെന്റ് സെക്ഷൻ വിതരണം ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ തർക്കമുണ്ടാകുന്ന അവസരത്തിൽ ധനകാര്യ (ഭരണ വിഭാഗം എ) സെക്ഷന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

3. ഒന്നിലധികം ഉപചോദ്യങ്ങൾ ഉള്ള നിയമസഭാ ചോദ്യത്തിലെ ആദ്യഭാഗം ഏത് സെക്ഷനെപ്പറ്റിയുള്ളതാണോ ആ സെക്ഷൻ/വിംഗ് ബന്ധപ്പെട്ട ചോദ്യം. കൈകാര്യം ചെയ്യേണ്ടതും അനുബന്ധ ചോദ്യങ്ങൾക്കുള്ള ഉത്തരം മറ്റു സെക്ഷനുകളിൽ നിന്നും നേരിട്ട് ശേഖരിച്ച് സമാഹൃത മറുപടിയായി ധനകാര്യ (പാർലമെന്റ്) സെക്ഷന് നൽകേണ്ടതാണ്.

4. ചോദ്യ വിഷയങ്ങളെ സംബന്ധിച്ചുള്ള തർക്ക മൂലം നിയമസഭാ ചോദ്യങ്ങൾ സംബന്ധിച്ച ഫയലുകൾ വകുപ്പുകളിൽ നിന്നും വകുപ്പുകളിലേക്കും സെക്ഷനുകളിൽ നിന്നും സെക്ഷനുകളിലേക്കും ഉദാസീനമായി കൈമാറ്റം ചെയ്യുന്ന പ്രവണത പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.

5. നിയമസഭാ ചോദ്യങ്ങൾ ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിലേക്ക് കൈമാറ്റം ചെയ്യുമ്പോൾ അപ്രകാരം ഉത്തരവിടുന്ന

ആഫിസർ ഏത് വകുപ്പിലേയ്ക്കാണോ കൈമാറ്റം ചെയ്യുന്നത്, ആ വകുപ്പിലെ അതേ റാങ്കിലുള്ള ആഫീസർക്ക് തന്നെ അവ അടയാളപ്പെടുത്തി നേരിട്ട് ഫയൽ നൽകേണ്ടതാണ്.

6. എല്ലാ സെക്ഷനും അവരവരുടെ വകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ (മുഖ്യമന്ത്രി മറുപടി പറയേണ്ടവയും, ധനമന്ത്രി മറുപടി പറയേണ്ടവയും) അച്ചടിച്ച ചോദ്യാവലിയിൽ ഉണ്ടോ എന്നു നോക്കി ഉറപ്പു വരുത്തേണ്ടതാണ്. (ടൈപ്പ് ചെയ്ത ചോദ്യം ലഭിച്ചിട്ടില്ലെങ്കിലും).

7. മറുപടി തയ്യാറാക്കിയ ഫയലുകൾ ചോദ്യ ദിവസത്തിന്റെ മൂന്ന് ദിവസം മുമ്പെങ്കിലും ബന്ധപ്പെട്ട മന്ത്രിയുടെ ആഫീസിൽ എത്തിക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിലും ടി വകുപ്പിലെ എല്ലാ സെക്ഷനുകളിലും കർശനമായി പാലിക്കേണ്ടതും ഇതിൻമേൽ എന്തെങ്കിലും വിഴ്ച വരുത്തുകയോ, ഉദാസീനമായി കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ നടപടി ഗൗരവമേറിയ കൃത്യ വിലോപമായി കണക്കാക്കി അച്ചടക്ക നടപടി സ്വീകരിക്കുന്നതും ആയിരിക്കും.

**കെ. ജോസ് സിറിയക്,**
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി.

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം,
Sd/-

സെക്ഷൻ ഓഫീസർ.

ഭരണഭാഷ മാതൃഭാഷ

നിയമസഭാ
അടിയന്തരം

# കേരള സർക്കാർ

## ധനകാര്യ (പി.എസ്.എ.) വകുപ്പ്

നമ്പർ: 22/പി.എസ്.എ/2013/ധന. തീയതി, തിരുവനന്തപുരം, 19.02.2013

**സർക്കുലർ**

വിഷയം :- നിയമസഭാ ചോദ്യങ്ങൾ - നിയമസഭാ ചോദ്യങ്ങളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സർക്കുലർ നമ്പർ 73/പി.എസ്.എ/2011/ധന. തീയതി, 22.10.2011.
2. നിയമസഭാ സെക്രട്ടേറിയറ്റിന്റെ 08.02.2013-ലെ 497/ക്യൂ.എൻ.എ3/2013/ലെജി. നമ്പർ കത്ത്.
3. പാർലമെന്ററികാര്യ (ബി) വകുപ്പിന്റെ 13.02.2013-ലെ 208/ബി2/2012/പാ.കാ.വ. നമ്പർ സർക്കുലർ

നിയമസഭാ ചോദ്യത്തിനുള്ള മറുപടി നിയമസഭയിൽ യഥാസമയം ലഭ്യമാക്കുന്നത് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ ഖണ്ഡിക 231, 234, കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47 അനുശാസിക്കുന്ന വ്യവസ്ഥകൾ ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളും ഓഫീസർമാരും കർശനമായി പാലിക്കുന്നതിനായി താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ധനകാര്യ (പി.എസ്.എ) വകുപ്പ് ലഭ്യമാക്കുന്ന നിയമസഭാ ചോദ്യങ്ങളിന്മേൽ ബന്ധപ്പെട്ട സെക്ഷനുകൾ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.
2. മറുപടി തയ്യാറാക്കിയ ഫയലുകൾ ചോദ്യ ദിവസത്തിന്റെ മുന്ന് ദിവസം മുമ്പെങ്കിലും മുഖ്യമന്ത്രി/ധനമന്ത്രിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.
3. നിയമസഭാ ചോദ്യം സംബന്ധിച്ച ഫയലുകളുടെ നീക്കം നിർബന്ധമായും **IDEAS -ൽ നൽകേണ്ടതാണ്.**
4. മുഖ്യമന്ത്രി/ധനമന്ത്രി നിയമസഭയിൽ മറുപടി പറയേണ്ട ദിവസത്തിന്റെ തലേ ദിവസം മറുപടി ലഭ്യമാക്കേണ്ട സെക്ഷനുകളിൽ ജീവനക്കാർ ഉണ്ടായിരിക്കണം എന്ന് ബന്ധപ്പെട്ട സെക്ഷനുകളുടെ അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. മുഖ്യമന്ത്രി/ധനമന്ത്രി നിയമസഭയിൽ മറുപടി നൽകേണ്ട ദിവസത്തിന്റെ തലേ ദിവസം വൈകുന്നേരം 5 മണി കഴിഞ്ഞ് ലഭ്യമാക്കുന്ന മറുപടിയോടൊപ്പം ബന്ധപ്പെട്ട സെക്ഷനുകൾ മറുപടി വൈകിയത് സംബന്ധിച്ച **ഒരു കുറിപ്പ്** കൂടി ലഭ്യമാക്കേണ്ടതാണ്.
6. മറുപടിയോടൊപ്പം പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതുണ്ടെങ്കിൽ ആയതിന്റെ ആവശ്യമായ പകർപ്പുകൾ മുൻകൂട്ടി കരുതി വയ്ക്കേണ്ടതാണ്.

...................2

7. ചോദ്യങ്ങളിൽ പ്രതിപാദിക്കുന്ന പ്രധാന വിഷയങ്ങൾ ഏത് സെക്ഷനിൽ/വിംഗിൽ ആണ് കൈകാര്യം ചെയ്യുന്നത് എന്നു മനസ്സിലാക്കി ബന്ധപ്പെട്ട ചോദ്യം ധനകാര്യ പാർലമെന്റ് സെക്ഷൻ തപാൽ നമ്പർ രേഖപ്പെടുത്തി വിതരണം ചെയ്യുന്നതാണ്. **ഇക്കാര്യത്തിൽ തർക്കമുണ്ടാകുന്ന അവസരത്തിൽ ധനകാര്യ (ഭരണ വിഭാഗം എ) വകുപ്പിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.**
8. മറുപടി അംഗീകരിച്ചു കിട്ടുവാൻ വൈകുകയും ചോദ്യ ദിവസത്തിന്റെ തലേന്ന് പൊതു അവധി ആയിരിക്കുകയും ചെയ്താൽ ബന്ധപ്പെട്ട സെക്ഷനുകളിലെ സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, പ്യൂൺ എന്നിവർ നിർബന്ധമായും അവധി ദിവസം ഓഫീസിൽ ഹാജരാകുകയും അംഗീകരിച്ചുകിട്ടുന്ന മറുപടിയുടെ ശരിപകർപ്പ് യഥാസമയം ധനകാര്യ (പി.എസ്.എ.) വകുപ്പിന് എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതുമാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ സൂചന 3-ലെ സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്.

**ഡോ. വി.പി. ജോയി,**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
The Nodal Officer, www.finance.kerala.gov.in

**എം. രാഗിണി,**
ഡെപ്യൂട്ടിസെക്രട്ടറി (ധനകാര്യം)

**കുറിപ്പ്**

..........................കേരള നിയമസഭ ....................സമ്മേളനം ....................... ബഹു: മുഖ്യമന്ത്രി / ധനമന്ത്രി മറുപടി നൽകേണ്ട നക്ഷത്ര ചിഹ്നമിട്ടത്/ ഇടാത്തത് ചോദ്യം നമ്പർ ............ -ന്റെ മറുപടിയുടെ ........................പകർപ്പുകൾ ............................ാം തീയതി .........................മണിക്ക് ധനകാര്യ (പി.എസ്.എ) വകുപ്പിന് ലഭ്യമാക്കുന്നു.
മറുപടി വൈകിയത് .................................................................................................. കാരണത്താലാണ്.

സെക്ഷൻ ഓഫീസർ,
ധനകാര്യ ( ) വകുപ്പ്

#21

Special Messenger

നിയമസഭ
അടിയന്തരം

കേരള സർക്കാർ
ധനകാര്യ (പി.എസ്.എ.) വകുപ്പ്

**പരിപത്രം**

നമ്പർ: 13/പി.എസ്.എ/2022/ധന. തീയതി, തിരുവനന്തപുരം, 22.02.2022

വിഷയം :- *15-ാം കേരള നിയമസഭ - 4-ാം സമ്മേളനം - നിയമസഭയിൽ അംഗങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നത് - സംബന്ധിച്ച്*

സൂചന :- പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 16.02.2022-ലെ പി.എ.ഡി.-എ1/38/2022/പി.എ.ഡി. നമ്പർ പരിപത്രം.

നിയമസഭയിൽ അംഗങ്ങൾ ഉന്നയിക്കുന്ന നക്ഷത്രചിഹ്നമിട്ട/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നത് സംബന്ധിച്ച് ബഹു: സ്പീക്കർ നിയമഭയിൽ റൂളിംഗ് നൽകുകയുണ്ടായി. 15-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനം തുടങ്ങിയ സാഹചര്യത്തിൽ നിയമസഭാ ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി തയ്യാറാക്കി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളും ഓഫീസർമാരും പാലിക്കുന്നതിനായി താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകേണ്ട ദിവസം തന്നെ പൂർണ്ണതോതിലുള്ള മറുപടി നൽകേണ്ടതാണ്.
2. 'വിവരം ശേഖരിച്ചുവരുന്നു' എന്ന നിലയിലുള്ള ഉത്തരം കഴിയുന്നത്ര ഒഴിവാക്കി ശരിയായ നിലയിലുള്ള വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് മറുപടി തയ്യാറാക്കുന്നതിനുള്ള ജാഗ്രത എല്ലാ സെക്ഷനുകളും കാണിക്കേണ്ടതാണ്. ഇക്കാര്യം ബന്ധപ്പെട്ട സെക്ഷനുകളുടെ അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണ്.
3. നക്ഷത്രചിഹ്നമിട്ട/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്കുള്ള കരട് മറുപടി ബഹു: മുഖ്യമന്ത്രി/ധനകാര്യ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകേണ്ട തീയതിക്ക് 4 ദിവസം മുമ്പ് ബഹു: മുഖ്യമന്ത്രി/ധനകാര്യ വകുപ്പുമന്ത്രിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
4. മറുപടി തയ്യാറാക്കാൻ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ട ഓഫീസുകൾ ആയത് സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.
5. ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ട ബന്ധപ്പെട്ട സെക്ഷനുകളിലെ എല്ലാ ഉദ്യോഗസ്ഥരും മറുപടി അപ്‌ലോഡ് ചെയ്യേണ്ട ദിവസം (അവധി ദിവസം ആണെങ്കിലും) ഓഫീസിൽ ഹാജരാകേണ്ടതാണ്.
6. സബ്മിഷൻ, ശ്രദ്ധക്ഷണിക്കൽ എന്നിവയ്ക്കുള്ള മറുപടി ബഹു: മുഖ്യമന്ത്രി/ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസുകളിൽ യഥാസമയം സമർപ്പിക്കേണ്ടതാണ്.
7. മറുപടി യഥാസമയം ഇ-നിയസഭാ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട് എന്ന് ബന്ധപ്പെട്ട സെക്ഷനുകളുടെ അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

**രാജേഷ് കുമാർ സിംഗ്. ഐ.എ.എസ്.**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
The Nodal Officer, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ